ഓം നമഃ ശിവായ

# തൃക്കൂർ ശ്രീമഹാദേവ ക്ഷേത്രം

(പാലിയം ഗ്രൂപ്പ് ദേവസ്വം)



# തിരുവുത്സവം 2023

**1198 മകരം 12 മുതൽ മകരം 19 വരെ**

**കൊടിയേറ്റം**
2023 ജനുവരി 26

**ആറാട്ട്**
2023 ഫെബ്രുവരി 2




# അഭ്യർത്ഥന

ഭക്തജനങ്ങളെ,

പുണ്യപുരാതനവും ചരിത്രപ്രസിദ്ധവുമായ തൃക്കൂർ മഹാദേവ ക്ഷേത്രത്തിലെ ഈ വർഷത്തെ തിരുവുത്സവം 2023 ജനുവരി 26ന് കൊടികയറി ഫെബ്രുവരി 2ന് (1198 മകരം 12 മുതൽ മകരം 19 വരെ) ആറാട്ടോടുകൂടി പര്യവസാനിക്കുന്നതാണ്.

അചഞ്ചലഭക്തിയുടേയും വിശ്വാസങ്ങളുടേയും ആചാരാനുഷ്ഠാനങ്ങളിലധിഷ്ഠിതമായ പൂജാവിധികളുടേയും പാരമ്പര്യ ക്ഷേത്രകലകളുടേയും സമ്മോഹനമായ കൂടിച്ചേരലാണ് ഈ തിരുവുത്സവം.

ഭഗവത്ചൈതന്യം നാടിന്റെ സർവ്വോന്മുഖമായ അഭിവൃദ്ധിക്കും അനുഗ്രഹാശ്ശിസ്സുകൾക്കും അനിവാര്യമാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഈ വർഷത്തെ ക്ഷേത്രോത്സവം പൂർവ്വാധികം പ്രൗഢഗംഭീരവും മംഗളകരവുമാക്കുന്നതിന് ഭക്തജനങ്ങളുടെ സാന്നിദ്ധ്യ സഹായസഹകരണങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു.

തൃക്കൂർ
01.12.2022

തൃക്കൂർ മഹാദേവക്ഷേത്ര ഭക്തജനസംഘടനക്ക് വേണ്ടി
സെക്രട്ടറി

മുൻവർഷങ്ങളിലെ ഉത്സവങ്ങളിലും ക്ഷേത്രത്തിലെ എല്ലാവിധ പ്രവർത്തനങ്ങളിലും സർവ്വാത്മനാ സഹകരിച്ച മുഴുവൻ ഭക്തജനങ്ങളോടും കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**സംഭാവനകൾ അയയ്ക്കേണ്ട വിലാസം**

സെക്രട്ടറി, തൃക്കൂർ മഹാദേവക്ഷേത്ര ഭക്തജനസംഘടന
തൃക്കൂർ പി.ഒ., തൃശൂർ - 680 306
ഫോൺ : 9605798950, 8547999500
A/c No. 45522030000786. IFS Code : CNRB 0014552
E-mail : trikkurmahadevan@gmail.com
Fecebook : Thrikkur Mahadeva Guha Kshetram,
www.Thrikkummahadeva temple.com








## ഉൽസവത്തിന്റെ പ്രാധാന്യം

ആചാര്യ തപസാമ്നായ
ജപേനനിയമേനച
ഉത്സനന്ന ദാനേന
ക്ഷേത്രവൃദ്ധിസ്തു പഞ്ചധാ

വർഷംതോറും ക്ഷേത്രത്തിൽ ഉത്സവം എന്നൊരു ചടങ്ങ് നിലവിലുണ്ട്. ക്ഷേത്രചൈതന്യ വർദ്ധനവിനുള്ള അവശ്യകാര്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഉത്സവം

ഉത്സവമെന്നവാക്കിനർത്ഥം മേൽപ്പോട്ടുള്ള പ്രവാഹം എന്നാണ്. അതായത് വർഷത്തിലൊരിക്കൽ ക്ഷേത്രചൈതന്യം വർദ്ധിപ്പിക്കണമെന്ന് സാരം. ശരിയായവിധം ദേവപ്രതിഷ്ഠ നിർവ്വഹിച്ചിട്ടുള്ളതും നിത്യവും വിധിപ്രകാരം പൂജാകർമ്മങ്ങൾ നടക്കുന്നതുമായ ഒരു ക്ഷേത്രത്തിൽ ക്ഷേത്രചൈതന്യത്തിന് കുറവ് സംഭവിക്കുന്നതെങ്ങനെ എന്ന് സ്വാഭാവികമായ സംശയം ആർക്കും ഉണ്ടാകാം. ഭക്തർ അറിയാതെ ചെയ്തുപോകുന്ന തെറ്റുകൾകാരണവും, പൂജാരിമാരുടെ ശ്രദ്ധകുറവ്മൂലവും ക്ഷേത്രചൈതന്യത്തിന് ഭംഗം സംഭവിക്കാവുന്നതാണ്. ഇത്തരം കുറവുകൾ പരിഹരിക്കുന്നതിനായാണ് ഉത്സവമെന്ന ചടങ്ങ് നടത്തണമെന്ന് ആചാര്യന്മാർ നിഷ്കർഷിച്ചിട്ടുള്ളത്.

തന്ത്രിയുടേയും ശാന്തിക്കാരുടേയും തപസ്സ്, ശ്രദ്ധയോടെയുള്ള ആചാരാനുഷ്ഠാനങ്ങൾ, മുറജപം, വാരമിരിക്കൽ, നിയമംതെറ്റാതെയുള്ള പൂജാക്രമങ്ങൾ, വർഷംതോറുമുള്ള ഉത്സവം, അന്നദാനം ഈ കാര്യങ്ങളെകൊണ്ടുമാത്രമേ ക്ഷേത്രചൈതന്യം വർദ്ധിച്ചുവരികയുള്ളൂ.

## ആണ്ടുവിശേഷങ്ങൾ

| | | |
|---|---|---|
| ചിങ്ങം | : | തിരുവോണം |
| കന്നി | : | വിശേഷാൽ ആയില്യപൂജ |
| തുലാം | : | ഉത്രാടം മുതൽ മകീരം വരെ 12 ദിവസത്തെ പഞ്ചഗവ്യഅഭിഷേകവും<br>തിരുവാതിര നാളിൽ കളഭാഭിഷേകവും |
| വൃശ്ചികം | : | തൃക്കാർത്തിക |
| ധനു | : | തിരുവാതിര |
| മകരം | : | തിരുവുത്സവം |
| കുംഭം | : | മഹാശിവരാത്രി, കുംഭഭരണിക്ക് പുറയങ്കാവ് ഭഗവതിയുടെ എഴുന്നള്ളത്ത്,<br>ഇറക്കിപൂജ |
| മീനം | : | ആറാട്ടുപുഴ പൂരത്തോടനുബന്ധിച്ച് മകം നാളിൽ ശ്രീ ചക്കംകുളം ശാസ്താവിന്റെ എഴുന്നള്ളത്ത്, ഇറക്കിപൂജ |
| മേടം | : | വിഷുക്കണി ദർശനം, ശ്രീമദ് ഭാഗവത സപ്താഹം |
| മിഥുനം | : | പുണർതം നക്ഷത്രത്തിൽ നവീകരണ കലശദിനം |
| കർക്കിടകം | : | രാമായണ മാസാചരണം, അഷ്ഠദ്രവ്യമഹാ ഗണപതി ഹോമം, ഇല്ലംനിറ |




## പ്രധാന വഴിപാടുകൾ

കയർകൊണ്ട് തുലാഭാരം, കയർ നടയ്ക്കു വെയ്ക്കൽ, ജലധാര, ക്ഷീരാഭിഷേകം, ശംഖാഭിഷേകം, 101 കുടം ജലാഭിഷേകം, രുദ്രാഭിഷേകം, ആയില്യപൂജ, അപ്പം വഴിപാട്, മൃത്യുഞ്ജയ ഹോമം, കൂവളമാല, താമരമാല, 51 കൂവളമാല ചാർത്തൽ, നീരാഞ്ജനം, നിറമാല, ചുറ്റുവിളക്ക്, ഉമാമഹേശ്വരപൂജ
ഗണപതിഹോമം, പ്രദോഷപൂജ

## ജന്മനക്ഷത്രപൂജ

ഭക്തന്മാർക്ക് ജന്മനാളിൽ അർപ്പിക്കാവുന്ന വഴിപാടാണ് ജന്മനക്ഷത്രപൂജ. 500രൂപ അടച്ച്, പങ്കാളിയാകുന്ന ഭക്തന്റെ പേരിൽ അടുത്ത 12വർഷം ജന്മനക്ഷത്രദിവസം ഈവഴിപാട് നടത്തും. ഇതുവഴി ക്ഷേത്രത്തിലെ നിത്യനിദാനത്തിൽ പങ്കാളിയാകുവാൻ എല്ലാഭക്തജനങ്ങൾക്കും അവസരം ലഭിക്കുന്നു. കഴിഞ്ഞ ഒരു വ്യാഴവട്ടമായി നടക്കുന്ന ഈ വഴിപാടിൽ 5000ൽ അധികം ഭക്തജനങ്ങൾ അംഗങ്ങളാണ്.

## ഉത്സവബലി

ദേവന്റെ പരിവാരങ്ങൾക്കും സപ്തമാതൃക്കൾക്കും വിശേഷമന്ത്രങ്ങളോടുകൂടി ജല - ഗന്ധ - പുഷ്പ - ധൂപ - ദീപങ്ങളോടുകൂടി പൂജിച്ച് പ്രത്യേകമായി പൂജിച്ച ഹവിസ്സുകൊണ്ട് ബലിതൂകുന്ന അതിവിശിഷ്ടമായ ചടങ്ങാണ് ഉത്സവബലി ഭഗവാനെഎഴുന്നള്ളിച്ചിരുത്തിയിട്ടാണ് ഉത്സവബലി നടത്തുക.

ഉത്സവബലി വഴിപാടായി നടത്തിയവരുടെ ഉദ്ദിഷ്ടഫലപ്രാപ്തി കാരണമാകാം ക്ഷേത്രത്തിലെ ഉത്സവബലി നടത്തുന്നതിന് ആഗ്രഹിക്കുന്ന ഭക്തജനങ്ങളുടെ എണ്ണംകൂടി വരികയാണ്. 2037 വരെയുള്ള ഉത്സവബലിയുടെ അഡ്വാൻസ് ബുക്കിംഗ് കഴിഞ്ഞു. 2038 മുതലുള്ള ഉത്സവബലി നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് 2000 രൂപ അഡ്വാൻസ് അടച്ച് ഉത്സവബലി ബുക്കുചെയ്യാവുന്നതാണ്.

## നിറമാല, ചുറ്റുവിളക്ക്

ക്ഷേത്രത്തിൽ നിത്യേനനിറമാല, ചുറ്റുവിളക്ക് നടത്തുന്നതിനായിട്ടുള്ള നിക്ഷേപപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 10000/- രൂപ പേരിൽ അടക്കുന്നവർക്ക് വർഷത്തിൽ ഒരു ദിവസം ക്ഷേത്രത്തിൽ നിറമാല, ചുറ്റുവിളക്ക്, ഗണപതിഹോമം, ഭഗവത് സേവ എന്നിവ നടത്താവുന്നതാണ്. ഈ സംഖ്യ ബാങ്കിൽ ഒരു സ്ഥിരനിക്ഷേപമായി സൂക്ഷിക്കുകയും ക്ഷേത്രത്തിൽ എല്ലാവർഷവും വഴിപാട് നടത്തുകയും ചെയ്യും. ക്ഷേത്രത്തിലെ നിത്യനിദാനങ്ങളിലേക്ക് പങ്കാളികളാകുന്നതുവഴി ഭഗവത് പ്രീതിക്ക് പാത്രീഭൂതരാകുന്നതിനായി ഈ വഴിപാടിലേക്ക് എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.




## മേളത്തിലും പഞ്ചവാദ്യത്തിലും പങ്കെടുക്കുന്ന കലാകാരന്മാർ

**ഉരുട്ടുചെണ്ട :-**
മേള കലാനിധി പത്മശ്രീ പെരുവനം കുട്ടൻമാരാർ
പെരുവനം സതീശൻ മാരാർ
പഴുവിൽ രഘുമാരാർ
പെരുവനം പ്രകാശൻ മാരാർ
നെട്ടിശ്ശേരി രാജൻമാരാർ
മായന്നൂർ ഗോപാലകൃഷ്ണൻ
മായന്നൂർ വിജയൻ
മായന്നൂർ സുമേഷ്
അശോക് ജി മാരാർ
പെരുവനം യദു
പെരുവനം കാർത്തിക് മാരാർ

**വലംതല :-**
പെരുവനം ഗോപാലകൃഷ്ണൻ മാരാർ
വൈലൂർ സുകുമാരൻ
തൃക്കൂർ ഗിരീശൻ മാരാർ
കല്ലേറ്റുകര അജി
പെരുവനം ഉണ്ണി
പെരുവനം നാരായണൻകുട്ടി
പെരുവനം മണികണ്ഠൻ

**താളം :-**
സർവ്വശ്രീ ഏഷ്യാഡ് ശശി
പരക്കാട് ബാബു
പെരുവനം മുരളി
തൃക്കൂർ ഗോപി
കല്ലൂർ രഘു
തുറവ് വിജയൻ
കിനൂർ മണികണ്ഠൻ
വെള്ളാങ്കല്ലൂർ അനൂപ്
കീനൂർ ഉണ്ണിക്കുട്ടൻ
തൃക്കൂർ നന്ദനൻ
തൃക്കൂർ മാധവൻ
കല്ലൂർ പ്രകാശൻ

**മദ്ദളം :-**
ചെർപ്പുളശ്ശേരി ശിവൻ
കുനിശ്ശേരി ചന്ദ്രൻ
പെരുവനം ഹരിദാസ്
കയിലിയാട് മണികണ്ഠൻ
സദനം ഭരത് രാജ്
കലാനിലയം ശങ്കർദാസ്
വെണ്ണിമല അനൂപ്
കലാനിലയം ഉണ്ണികൃഷ്ണൻ
കലാമണ്ഡലം മധു
കലാനിലയം മണികണ്ഠൻ

**കുഴൽ :-**
സർവ്വശ്രീ വെളപ്പായ നന്ദൻ
ഊരകം അനിൽ
ഊരകം ചന്ദ്രൻ
പട്ടിക്കാട് അജി
കല്ലൂർ കൃഷ്ണകുമാർ
ലിമേഷ് പോഴേങ്കണ്ടത്ത്

**കൊമ്പ് :-**
സർവ്വശ്രീ കുമ്മത്ത് രാമൻ നായർ
ഊരകം ശശി
കോങ്ങാട് രാധാകൃഷ്ണൻ
തൃക്കൂർ അനിലൻ
തൃക്കൂർ സജി
കുമ്മത്ത് ഗിരി
തൃക്കൂർ അഖിൽ
തൃക്കൂർ രാഹുൽ
തൃക്കൂർ ശരത്ത്

**തിമില:-**
സർവ്വശ്രീ. ചോറ്റാനിക്കര വിജയൻ മാരാർ
ചോറ്റാനിക്കര നന്ദപ്പൻ മാരാർ
ചോറ്റാനിക്കര സുഭാഷ് നാരായണൻമാരാർ
കോങ്ങാട് രാധാകൃഷ്ണൻ
പെരുവനം കൃഷ്ണകുമാർ
വൈക്കം കുട്ടൻ
തൃക്കൂർ രാജൻ മാരാർ
ചെറുശ്ശേരി ശ്രീകുമാർ
തൃക്കൂർ സുനിൽ
തൃക്കൂർ സുജേഷ് (കുട്ടൻ)
തൃക്കൂർ പ്രകാശൻ
തൃക്കൂർ ശിവപ്രസാദ്

**ഇടയ്ക്ക:-**
സർവ്വശ്രീ. തിരുവില്വാമല ജയൻ
പെരുവനം വിനു

**നാദസ്വരം:-**
ഊരകം ചന്ദ്രൻ

**പന്തൽ:-**
കൃഷ്ണൻ ആറാട്ടുപുഴ

**ശബ്ദവും വെളിച്ചവും:-**
ക്ലാസ്സിക് തിരൂർ




## ക്ഷേത്രത്തിലെ ജീവനക്കാർ

ക്ഷേത്രം മേൽശാന്തി: കരോളിൽ ഇളമണ്ണുഹരി നമ്പൂതിരിപ്പാട്,
കുന്നംപറമ്പത്ത് ഹരികേശവൻ നമ്പൂതിരി
കഴകം: രതി വാരസ്യാർ, സുരേഷ് പിഷാരടി
അടിയന്തിരംമാരാർ: രാജൻമാരാർ
ഓഫീസ് നിർവ്വഹണം: ഉണ്ണികൃഷ്ണൻ എം., വേണുഗോപാൽ സി.ഡി., രാജി രവി, രാജേഷ്
മറ്റുപ്രവർത്തികൾ: ഭാരതി, വത്സല
അടിയന്തിര ചുമതല ഉത്സവം: വൈലൂർ ഉണ്ണി, ഗിരീശൻമാരാർ, അഭിമന്യുമാരാർ
വിളക്ക്: ഉത്സവചുമതല: വേണു പിഷാരടി, രവി വാരിയർ, രമേഷ് വാരിയർ
അലങ്കാരം: അനിലൻ തൃക്കൂർ, മണികണ്ഠൻ മാരാർ തൃക്കൂർ

| | | |
|---|---|---|
| **നെൽപറ** | - | **100/-** |
| **അവിൽപറ** | - | **100/-** |
| **മലർപറ** | - | **100/-** |
| **പൂവ് പറ** | - | **100/-** |
| **അരിപറ** | - | **200/-** |
| **ശർക്കരപറ** | - | **200/-** |
| **നാണയപറ (ഇടങ്ങഴി)** | - | **2500/-** |

13 – ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം
തൃക്കൂർ മഹാദേവ ക്ഷേത്രസന്നിധിയിൽ
2023 മെയ് 7 മുതൽ 14 വരെ
സംപൂജ്യ ശ്രീമദ് നിഗമാനന്ദ സരസ്വതി

**തൃക്കൂർ മഹാദേവ ക്ഷേത്രത്തിൽ നവീകരണകലശം നടത്തുന്നതിന് മുന്നോടിയായി 2022 ഡിസംബർ25, 26, 27 തിയ്യതികളിലായി പൊതുവാമന ഹരിദാസൻ നമ്പൂതിരി അവർകളുടെ നേതൃത്വത്തിൽ അഷ്ടമംഗല പ്രശനം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. എല്ലാ ഭക്തജനങ്ങളും ഈ മഹത്തായ ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

## <u>തൃക്കൂർ മഹാദേവക്ഷേത്രം ഭരണസമിതി അംഗങ്ങൾ</u>

**രക്ഷാധികാരികൾ : ശ്രീ. കൃഷ്ണബാലനച്ചൻ** (പാലിയം ഗ്രൂപ്പ് ദേവസ്വം മാനേജർ)

**പ്രൊഫ. ടി.കെ. പരശുരാമൻ**

| | |
|---|---|
| **ഗിരി പി** | (പ്രസിഡന്റ്) |
| **സുരേഷ് പി** | (വൈസ് പ്രസിഡന്റ്) |
| **രമേഷ് ടി.എസ്സ്** | (സെക്രട്ടറി) |
| **സുരേഷ് സി** | (ജോയിന്റ് സെക്രട്ടറി) |
| **രതീഷ് എ.എം** | (ജോയിന്റ് സെക്രട്ടറി) |
| **നന്ദൻ പറമ്പത്ത്** | (ട്രഷറർ) |
| **പ്രകാശ് എ** | (കമ്മിറ്റി അംഗം) |
| **ശിവകുമാർ കെ** | " |
| **സുമേഷ് കുറുപ്പത്ത്** | " |
| **സജീവ്കുമാർ** | " |
| **രാഹുൽ ഉണ്ണികൃഷ്ണൻ** | " |
| **രാധാകൃഷ്ണൻ അരിയക്കാട്ടിൽ** | " |
| **സുജേഷ് കുറുപ്പത്ത്** | " |
| **രമേഷ് പി.മേനോൻ** | " |
| **അരവിന്ദാക്ഷൻ നാഗത്ത്** | " |






# 1–ാം ഉത്സവം കൊടിയേറ്റം

**2023 ജനുവരി 26 (1198 മകരം 12) വ്യാഴാഴ്ച – ഉത്രട്ടാതി**

| | | | |
|---|---|---|---|
| രാവിലെ | 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 9.00ന് | : | ചതശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, ഉച്ചപൂജ |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന, മുളയിടൽ |
| | 6.45ന് | : | **തായമ്പക** – അഭിമന്യു മാരാർ |
| രാത്രി | 8.00ന് | : | **കൊടിയേറ്റം** (ക്ഷേത്രം തന്ത്രി പടിഞ്ഞാറേടത്ത് മന ബ്രഹ്മശ്രീ വിഷ്ണു ഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ) |
| | 8.30ന് | : | **അത്താഴപൂജ, ശ്രീഭൂതബലി, കൊടിപുറത്ത് വിളക്ക്, മേളം** പ്രമാണം – പെരുവനം പ്രകാശൻമാരാർ |

ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ

| | |
|---|---|
| 7.00 മണിക്ക് | **മോഹിനിയാട്ടം**<br>ഐശ്വര്യ ശ്രീധരൻ, തൃക്കൂർ |
| 7.30 മുതൽ | **നൃത്തനൃത്യങ്ങൾ**<br>രാമൻ സ്മാരക കലാഗൃഹം, ചാലക്കുടി |

| | |
|---|---|
| ശുദ്ധിചടങ്ങുകൾ | ശ്രീഷ്ണവ് വിനോദ് എറാടത്ത്, പള്ളിയറ |
| നിറമാല, ചുറ്റുവിളക്ക് | അജിത് രാജൻ S/o കേണൽ വിജയൻ, ചിങ്ങപുരം |
| ശ്രീഭൂതബലി | പി. സുരേഷ്, സൗപർണ്ണിക |
| കൊടി, കൊടികയർ സമർപ്പണം | ലളിതാ കടാംകണ്ടത്ത് |




# 2–ാം ഉത്സവം

## 2023 ജനുവരി 27 (1198 മകരം 13) വെള്ളിയാഴ്ച – രേവതി

| | | | |
|---|---|---|---|
| രാവിലെ | 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 7.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്, മേളം** |
| | 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| | 9.45മുതൽ | : | **ഉത്സവബലി ചടങ്ങുകൾ** |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| | 6.45ന് | : | **ചാക്യാർകൂത്ത്** – നേപത്യ രാഹുൽ ചാക്യാർ, മൂഴിക്കുളം |
| രാത്രി | 8.30ന് | : | **അത്താഴപൂജ, ശ്രീഭൂതബലി, വിളക്ക്എഴുന്നള്ളിപ്പ്** കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, മേളം |

ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ
7.30 മുതൽ **നൃത്തനൃത്യങ്ങൾ**
അവതരണം : ഗൗരീകൃഷ്ണ നൃത്തകലാക്ഷേത്രം, തൃക്കൂർ
വായ്പാട്ട് : തൃശ്ശൂർ ബിജീഷ് കൃഷ്ണ
മൃദംഗം : കലാമണ്ഡലം ചാരുദത്ത്, വയലിൻ : ഇരിങ്ങാലക്കുട സുഭാഷ് നമ്പൂതിരി
ഇടയ്ക്ക : തൃശ്ശൂർ അജിത്ത്കുമാർ, നട്ടുവാങ്കം : (RLV ഐശ്വര്യ വിനോദ്)

ഉത്സവബലി വഴിപാട് : കൃഷ്ണകുമാർ, കണ്ടൻ കുമരത്ത്, ആറാട്ടുപുഴ
നിറമാല, ചുറ്റുവിളക്ക് : വൈഗ വിമൽ, വൈഷ്ണവി വിമൽ
D/o സുജിത്ത്, ചെമ്പാലിപുറത്ത്മാരാത്ത്,
പി.എസ്. മേനോൻ, കരുണ, പൊന്നൂക്കര
ശ്രീഭൂതബലി – നാരായണൻ, കാളക്കല്ല് മഠം
ശീവേലി എഴുന്നള്ളിപ്പ് – അജിത്കുമാർ തൊഴുക്കാട്ട്
അഹസ്സ് – പ്രേം ശങ്കർ, പെരിങ്ങോട്ടുകര

തിരുവുത്സവം 2023

# 3–ാം ഉത്സവം

## 2023 ജനുവരി 28 (1198 മകരം 14) ശനിയാഴ്ച – അശ്വതി

| | | | |
|---|---|---|---|
| രാവിലെ | 4.00ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 7.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്, മേളം** |
| | 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| | 9.45മുതൽ | : | **ഉത്സവബലി ചടങ്ങുകൾ** |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| | 6.45ന് | : | **തായമ്പക** – കേളത്ത് കണ്ണൻ മാരാർ, കോതോർ വിഷ്ണു വാരിയർ |
| രാത്രി | 8.00ന് | : | **അത്താഴപൂജ, ശ്രീഭൂതബലി, വിളക്ക്എഴുന്നള്ളിപ്പ്** കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, മേളം |

ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ

7.45 മുതൽ **ഭക്തിഗാനമേള**

അവതരണം : ''ത്യാഗബ്രഹ്മം'', പ്രശസ്ത സംഗീത സംവിധായകൻ, ടി.എസ്. രാധാകൃഷ്ണൻ, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ഉത്സവബലി വഴിപാട് | : | അനുചിത്ര, കൊല്ലേരി ഹൗസ്, തലോർ |
| നിറമാല, ചുറ്റുവിളക്ക് | : | സൂരജ് രാജഗോപാൽ കല്ലാറ്റ് വീട്, കോനിക്കര |
| ശ്രീഭൂതബലി | : | നിഥീഷ് എൻ.കെ. നായർ, എറാടത്ത് |
| ശീവേലി എഴുന്നള്ളിപ്പ് | : | ആനന്ദ് ടൈൽസ്, കല്ലൂർ |
| അഹസ്സ് | : | രാധാകൃഷ്ണൻ, മുംബൈ |




# 4–ാം ഉത്സവം

**2023 ജനുവരി 29 (1198 മകരം 15) ഞായറാഴ്ച – ഭരണി**



| | | |
|---|---|---|
| രാവിലെ 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| 5.30ന് | : | മഹാഗണപതിഹോമം |
| 6.30ന് | : | ഉഷനിവേദ്യം |
| 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| 7.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്** |
| 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| 9.45മുതൽ | : | **ഉത്സവബലി ചടങ്ങുകൾ** |
| വൈകുന്നേരം 5.00ന് | : | നടതുറക്കൽ |
| 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| 6.45ന് | : | **പാഠകം**– ദാമോദരൻ നമ്പീശൻ |
| രാത്രി 8.00ന് | : | **അത്താഴപൂജ, ശ്രീഭൂതബലി, വിളക്ക്എഴുന്നള്ളിപ്പ്**<br>കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, മേളം |



## ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ



| | |
|---|---|
| 7.45 മുതൽ **കഥകളി** | **കുചേലവൃത്തം** |
| അവതരണം | സർഗ്ഗ ശ്രീലകം ഊരകം |
| കുചേലൻ | ശ്രീ ശിവശങ്കരൻ, പുതുക്കാട് |
| ശ്രീകൃഷ്ണൻ | ശ്രീ കലാനിലയം ഗോപി |
| രുഗ്മിണി | ഗായത്രി നന്ദൻ, തൃക്കൂർ |



| | | |
|---|---|---|
| ഉത്സവബലി വഴിപാട് | : | ജ്യോതി രവീന്ദ്രൻ, തെക്കേപിഷാരം, തൃശ്ശൂർ |
| നിറമാല, ചുറ്റുവിളക്ക് | : | Dr.സുജയ്നാഥ്, തൊഴുക്കാട്ട്<br>വിജിത സുഗേഷ്, നോയ്ഡ |
| ശ്രീഭൂതബലി | : | സതീശൻ ആമ്പിലി, പുല്ലഴി |
| ശീവേലി എഴുന്നള്ളിപ്പ് | : | അരുൺ ശങ്കർ, പറമ്പത്ത് |
| അഹസ്സ് | : | വെങ്കിട്ടരാമൻ, ഉത്രം , തൃക്കൂർമഠം |




# 5–ാം ഉത്സവം

## 2023 ജനുവരി 30 (1198 മകരം 16) തിങ്കളാഴ്ച – കാർത്തിക

| | | | |
|---|---|---|---|
| രാവിലെ | 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 7.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്, മേളം** |
| | 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| | 9.45മുതൽ | : | **ഉത്സവബലി ചടങ്ങുകൾ** |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| | 6.45ന് | : | **തായമ്പക** : അശോക് ജി മാരാർ |
| രാത്രി | 8.00ന് | : | **അത്താഴപൂജ, ശ്രീഭൂതബലി, വിളക്ക്എഴുന്നള്ളിപ്പ്**<br>കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, മേളം |

ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ

| | | |
|---|---|---|
| 6.45ന് | : | **കുറത്തിയാട്ടം**<br>സൗഗന്ധികം തുള്ളൽ നാട്യകളരി, ആറാട്ടുപുഴ |

| | | |
|---|---|---|
| ഉത്സവബലി വഴിപാട് | : | വിജയകുമാർ കുറുപ്പത്ത്, തൃക്കൂർ |
| നിറമാല, ചുറ്റുവിളക്ക് | : | സുജിത് ചെമ്പാലിപുറത്ത് മാരാത്ത്, തൃക്കൂർ<br>ആതിര ജയരാജ്, വൈക്കത്ത് വീട്, തൃക്കൂർ |
| ശ്രീഭൂതബലി | : | ശശീധരൻ മാപ്രാണൻ |
| ശീവേലി എഴുന്നള്ളിപ്പ് | : | ജയചന്ദ്രൻ മാളിയേക്കൽ |
| അഹസ്സ് | : | സുരേഷ് എം.എൻ S/o മാധവൻ നായർ,<br>മൂത്തേടത്ത്, തൃക്കൂർ |
| സമ്പൂർണ്ണ നെയ് വിളക്ക് | : | രാഹുൽ, ആശീർവാദ്, പൊന്നൂക്കര |

# തൃക്കൂരപ്പൻ പുരസ്കാര സമർപ്പണം

## പെരുവനം സതീശൻ മാരാർക്ക്



മേള കുലപതിയായിരുന്ന ചക്കംകുളം അപ്പുമാരാരുടെയും പെരുവനത്ത് മാരാത്ത് വിശാലാക്ഷി വാരസ്യാരുടെയും മകനായി 1964ൽ ജനനം.

പെരുവനം കെ. എൽ,എസ്.യു.പി. സ്കൂളിലും, സി. എൻ. എൻ. ബോയ്സ് ഹൈസ്കൂളിലും പഠനം 15-ാം വയസ്സിൽ ചേർപ്പ് തിരുവുള്ളക്കാവ് ശ്രീ. ധർമ്മശാസ്താ ക്ഷേത്രത്തിൽ തായമ്പക അരങ്ങേറ്റം നടത്തി. മേളാചാര്യൻ ശ്രീ. കുമരപുരം അപ്പുമാരാരും പഞ്ചവാദ്യ കുലപതി പല്ലാവൂർ കുഞ്ഞുകുട്ടൻ മാരാരും ഗുരുനാഥന്മാർ. പഞ്ചാരിയിലെ ഗന്ധർവൻ പെരുവനം നാരായണമാരാരു ടെയും മേളകലാനിധി പെരുവനം അപ്പുമാരാരുടെയും മരുമകനാണ്.

അച്ഛന്റെയും അമ്മാവന്മാരുടെയും ഗുരുനാഥന്മാരുടെയും കൂടെ മേളങ്ങൾക്ക് പങ്കെടുക്കുകയും പിന്നീട് മേളങ്ങൾക്ക് പ്രസിദ്ധങ്ങളായ പൂരങ്ങൾക്ക് പ്രമാണിയാവുകയും ചെയ്തു.

തൃപ്പൂണിത്തുറ ഉത്സവം, തൃപ്രയാർ ഏകാദശി, പൂരം പുറപ്പാട്, ഇരിഞ്ഞാലക്കുട ഉത്സവം, എറണാകുളം ക്ഷേത്രോത്സവം, ചാത്തക്കുടം പൂരം, തൊട്ടിപ്പാൾ കാർത്തിക പൂരം പുറപ്പാട്, ചക്കംകുളങ്ങര പുണർതം വിളക്ക്, ഗുരുവായൂർ ഉത്സവം ഏകാദശി വിളക്ക്, കൊടുന്തിരപ്പിള്ളി മഹാനവമി, പുതുക്കോട് നവരാത്രി, നെന്മാറ - വല്ലങ്ങി വേല, അയിലൂർ തിരുവാതിര, കുനിശ്ശേരി കുമ്മാട്ടി, കുറ്റുമുക്ക് ഉത്സവം, തൃപ്പൂണിത്തുറ താമരംകുളങ്ങര മകരവിളക്ക്, കൊടകര പുത്തുക്കാവ് താലപ്പൊലി, നന്തിപുലം പയ്യൂർകാവ് പൂരം, മള്ളിയൂർ മഹാഗണപതി ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രോത്സവം, കുമാരനെല്ലൂർ തൃക്കാർത്തിക മഹോത്സവം, കുട്ടനെല്ലൂർ മുണ്ടോളി മഹാവിഷ്ണുക്ഷേത്രം പ്രതിഷ്ഠാദിനം, അഞ്ചേരി വളർക്കാവ് പൂരം, ആനന്ദപുരം മഹാവിഷ്ണു ക്ഷേത്രം, ആനന്ദപുരം തറയ്ക്കൽ അശ്വതി വേല മഹോത്സവം, കരുവന്നൂർ വെട്ടുകുന്നത്തുകാവ് ഭരണി മഹോത്സവം, മിണാലൂർ കുറ്റിയങ്കാവ് ആൽത്തറ മേളം, വടക്കാഞ്ചേരി ഉത്രാളിക്കാവ് ആർത്തറമേളം, അന്നനാട് വേലുപ്പിള്ളി ഉത്രം വിളക്ക്, ഇരിങ്ങാലക്കുട ഉത്സവം, ചിനക്കത്തൂർ വേല, മഹാനവമി, നെന്മാറ വേല, മണപ്പിള്ളിക്കാവ് വേല, മണ്ണാറശാല നാഗരാജക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്ര സന്നിധികളിൽ സതീശൻമാരാർ മേള പ്രമാണിയായി തുടർന്നു വരുന്നു. തായമ്പകയിലും പഞ്ചവാദ്യത്തിലും സതീശൻമാരാർ പ്രശസ്തനാണ്.

കേരളത്തിനു പുറത്ത് മദ്രാസ്. ബോംബെ, ഗുജറാത്ത്, ഇന്ത്യക്ക് പുറത്ത് റഷ്യ, ദുബായ്, ഖത്തർ തുടങ്ങിയ വിദേശരാജ്യങ്ങളിലും സതീശൻമാരാർ വാദ്യകലകൾ അവതരിപ്പിച്ച് പ്രശംസ നേടിയിട്ടുണ്ട്.


പണ്ടാരത്തിൽ മാരാത്ത് ഇന്ദിരയാണ് പത്നി, യദു എസ്. മാരാരും, മോഹൻ എസ്. മാരാരും മക്കളാണ്. രണ്ടു മക്കളും സംഗീതത്തിലും, വാദ്യകലയിലും യുവപ്രതിഭകളാണ്. **ശ്രീ പെരുവനം സതീശൻമാരാർക്ക് വലിയ വിളക്ക് ദിവസം തൃക്കൂർ മഹാദേവക്ഷേത്രത്തിന്റെ സുവർണ്ണോപഹാരം നൽകി ആദരിക്കുന്നു.** അദ്ദേഹത്തിന് വാദ്യകലാരംഗത്ത് കൂടുതൽ ശോഭിക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.




# 6–ാം ഉത്സവം വലിയവിളക്ക്

**2023 ജനുവരി 31 (1198 മകരം 17) ചൊവ്വാഴ്ച – രോഹിണി**

| | | | |
|---|---|---|---|
| രാവിലെ | 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 7.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്, മേളം** |
| | 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| | 9.45മുതൽ | : | **ഉത്സവബലി ചടങ്ങുകൾ** |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| | 6.45ന് | : | തായമ്പക - കോട്ടയ്ക്കൽ വിജയരാഘവൻ |
| രാത്രി | 8.00ന് | : | **അത്താഴപൂജ, ശ്രീഭൂതബലി,** |



## വലിയവിളക്ക്എഴുന്നള്ളിപ്പ്

(കാണിക്കയിടൽ പ്രധാനം)
കേളി, കുഴൽപ്പറ്റ്, കൊമ്പുപറ്റ്, പഞ്ചാരിമേളം
പ്രമാണം - പത്മശ്രീ പെരുവനം കുട്ടൻമാരാർ
വീക്കൻചെണ്ട - പെരുവനം ഗോപാലകൃഷ്ണൻ
കുഴൽ - വെളപ്പായ നന്ദൻ
കൊമ്പ് - കുമ്മത്ത് രാമൻനായർ
താളം - ഏഷ്യാഡ് ശശി



ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ

6.45 മുതൽ **തിരുവാതിരകളി**

അവതരണം : 'അഷ്ടദളം' ഒല്ലൂക്കര
'ശ്രീദുർഗ്ഗ' തേഞ്ചിത്ത് കാവ്, അയ്യന്തോൾ
'ശ്രീ സീതാരാമ കലാ ക്ഷേത്രം' പൂങ്കുന്നം
'ശ്രീകൃഷ്ണ' കണിമംഗലം

8.00 ന് **ഭക്തിഗാനമേള**

അവതരണം : കീനൂരപ്പൻ ഭജനസംഘം

| | |
|---|---|
| ഉത്സവബലി വഴിപാട് | സുബ്ബരായൻ എമ്പ്രാന്തിരി(Late) |
| നിറമാല, ചുറ്റുവിളക്ക് | ഹരിദാസ് മെച്ചൂര് വീട് |
| ശ്രീഭൂതബലി | ഗണപതി സുബ്രഹ്മണ്യൻ, ബാംഗളൂർ |
| ശീവേലി എഴുന്നെള്ളിപ്പ് | ആരതി മണി, പറമ്പത്ത്, തൃക്കൂർ. |
| പുഷ്പാലങ്കാരം | നേഹിത് സന്തോഷ്, നിഹിത് സന്തോഷ്, ഷ്രിനിക, നിഘ, നാസ് ഫേഷൻ വേൾഡ്, പൊന്നൂക്കര |
| അഹസ്സ് | പ്രദീപ് അനുപം, കുറ്റുമുക്ക് |




# 7–ാം ഉത്സവം പള്ളിവേട്ട

**2023 ഫെബ്രുവരി 1 (1198 മകരം 18) ബുധനാഴ്ച – മകീര്യം**

| | | | |
|---|---|---|---|
| രാവിലെ | 4ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | പ്രഭാതപൂജ, മുളപൂജ |
| | 9.00ന് | : | ധാര, പഞ്ചഗവ്യം, നവകം, അഭിഷേകം, ഉച്ചപൂജ |
| | 9.30ന് | : | **ശീവേലി എഴുന്നള്ളിപ്പ്** |
| | | | **പഞ്ചാരിമേളം** |
| | | | പ്രമാണം: പെരുവനം സതീശൻമാരാർ |
| | | | വീക്കൻചെണ്ട: വൈലൂർ സുകുമാരൻ |
| | | | കുഴൽ: ഊരകം ചന്ദ്രൻ |
| | | | കൊമ്പ്: ഊരകം ശശി |
| | | | താളം: പെരുവനം മുരളി |
| വൈകുന്നേരം | 5.00ന് | : | നടതുറക്കൽ |
| | 6.30ന് | : | നിറമാല, ചുറ്റുവിളക്ക്, കേളി, നാദസ്വരം, ദീപാരാധന |
| | രാത്രി 8.00ന് | : | **പള്ളിവേട്ട, ശ്രീഭൂതബലി, എഴുന്നള്ളിപ്പ്, പഞ്ചവാദ്യം** |
| | | | തിമില - ചോറ്റാനിക്കര വിജയൻ മാരാർ |
| | | | മദ്ദളം - കുനിശ്ശേരി ചന്ദ്രൻ |
| | | | താളം - പരയ്ക്കാട് ബാബു |
| | | | കൊമ്പ് - കുമ്മത്ത് രാമൻനായർ |
| | | | ഇടയ്ക്ക - തിരുവില്വാമല ജയൻ, പെരുവനം വിനു |

ക്ഷേത്രത്തിനുപുറത്തെ പ്രത്യേക വേദിയിൽ

| | | | |
|---|---|---|---|
| | 7.00 ന് | | **ഓട്ടൻതുള്ളൽ** |
| അവതരണം | | : | പ്രദീപ്, ആറാട്ടുപുഴ |



| | |
|---|---|
| ശ്രീഭൂതബലി | സാബുകുമാർ, മുംബൈ |
| നിറമാല, ചുറ്റുവിളക്ക് | മുരളിപോഴത്ത്, തൃക്കൂർ അമൃത അരുൺ, നോയ്ഡ |
| ശീവേലി എഴുന്നള്ളിപ്പ് | കോയാത്ത് ഗോപിനാഥൻ മേനോൻ |
| അഹസ്സ് | ടി.എസ്. വേണുഗോപാൽ, തൃക്കൂർമഠം |
| രാവിലെ 11.30 മുതൽ | പ്രസാദഊട്ട് ഉണ്ടായിരിക്കുന്നതാണ്. |

# മദ്ദള കേസരി തൃക്കൂർ രാജൻ സ്മാരക പുരസ്കാരം - 2023



തൃക്കൂർ രാജൻ

കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രോത്സവങ്ങളിൽ നിറസാന്നിദ്ധ്യമായ മദ്ദള വാദ്യകലയിലെ പ്രമാണിയായി വിരാജിച്ച **തൃക്കൂർ രാജന്റെ** പാവന സ്മര നിലനിർത്തുന്നതിന് വാദ്യകലാരംഗത്തെ പ്രതിഭാധനരായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനുമായി തൃക്കൂർ രാജന്റെ മക്കളും, തൃക്കൂർ മഹാദേവക്ഷേത്ര ഭരണസമിതിയും, സംയുക്തമായി ആവിഷ്ക്കരിച്ചിട്ടുള്ള സ്മാരക പുരസ്ക്കാരത്തിന് മദ്ദളവാദനത്തിലെ ചക്രവർത്തിയായി വിരാജിക്കുന്ന **ശ്രീ. ചെർപ്പുളശ്ശേരി ശിവനെ** പ്രഥമ പുരസ്ക്കാര ജേതാവായി തെരഞ്ഞെടുത്തിരിക്കുന്നു. നമ്മുടെ നാട്ടുകാരനും ലിയോ ഗ്രൂപ്പ് സാരഥിയുമായ **ശ്രീ. സിദ്ധാർത്ഥ് പട്ടാഭിരാമൻ** ആണ് ആറാട്ടു ദിവസം ശ്രീ തൃക്കൂരപ്പന്റെ തിരുനടയിൽവെച്ച് മംഗളകർമ്മം നിർവ്വഹിക്കുന്നത്.

നാലു പതിറ്റാണ്ടിലധികകാലം മദ്ദളവാദനത്തിന്റെ മന്ത്രധ്വനിയാൽ, പഞ്ചവാദ്യത്തിന്റെയും, കഥകളി മദ്ദളത്തിന്റെയും മനോഹാരിതക്ക് മാറ്റ് കൂട്ടിയ മഹനീയ വ്യക്തിത്വമാണ്. അനുഗ്രഹീത കലാകാരനായ ശ്രീ. ചേർപ്പുളശ്ശേരി ശിവൻ. ചാഴിയാട്ട് അപ്പുണ്ണിനായരുടെയും പയ്യൂർ പാറുക്കുട്ടി അമ്മയുടെയും മൂത്ത മകനായ ശിവൻ വാൽപറമ്പിൽ കുഞ്ഞൻനായരിൽ നിന്നാണ് മദ്ദളംവാദനത്തിൽ ഹരിശ്രീ കുറിച്ചത്. ശ്രേഷ്ഠ പാലൂർ അച്യുതൻനായർ, കലാമണ്ഡലം ഈശ്വരവാരിയർ എന്നിവരുടെ കീഴിൽ കഥകളിമേളവും, അലനെല്ലൂർ കൃഷ്ണൻകുട്ടി നമ്പീശൻ, തിച്ചൂർ മണിയൻ പണിക്കർ, കുളമംഗലത്ത് നാരായണൻ നായർ എന്നിവരുടെ കീഴിൽ പഞ്ചവാദ്യമദ്ദളവും അഭ്യസിച്ചു. നാളിതുവരെയുള്ള കലാപര്യയിൽ 'തൃശ്ശൂർ പൂരം" ഉൾപ്പടെയുള്ള കേരളത്തിലെ കേൾവികേട്ട പഞ്ചവാദ്യങ്ങളിലെല്ലാം അദ്ദേഹം മദ്ദള നിരയുടെ നായകത്വം വഹിച്ചിട്ടുണ്ട്. കേരള കലാമണ്ഡലത്തിലെ അദ്ധ്യാപകനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും ശിവൻ തന്റെ മദ്ദള വൈദഗ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്.

കേരള കലാമണ്ഡലം ഫെല്ലോഷിപ്പ്, കേരള സംഗീത നാടക അക്കാദമി അവാർഡ് എന്നിവ ശിവന്റെ കലാസപര്യക്കുള്ള അംഗീകാരമായി ലഭിച്ചിട്ടുണ്ട്. പഞ്ചവാദ്യത്തിനും കഥകളി മേളത്തിനും വ്യാകരണ ശുദ്ധിയും സൗന്ദര്യപരമായ ഇഴയടുപ്പവും നൽകിയ കേരളത്തിലെ സമകാലിക മദ്ദള വിദ്വാന്മാരിൽ ഒരു മഹാപാരമ്പര്യത്തിന്റെ തുടർച്ചയാണ് ചേർപ്പുളശ്ശേരി ശിവൻ. ഈടും മുറുക്കവുമുള്ള എണ്ണങ്ങൾ, താള പഴുതുകളിൽ കനക്കുന്ന സ്വരവ്യന്യാസം, അസാധാരണമായ ഊർജ്ജവിനിമയം, സംഗീതാവബോധം, പ്രമാണ ശേഷി എന്നിവയാൽ പഞ്ചവാദ്യത്തിന്റെ അകവും പുറവും പ്രഫുല്ലമാക്കിയ വാദ്യവല്ലഭനാണ് ശ്രീ. ശിവൻ.

പൂർവ്വസ്മൃതികളിൽ നിന്ന് പ്രയോഗതലത്തിൽ ലഭിച്ച പ്രചോദനങ്ങളെ സ്വാംശീകരിക്കുകയും സ്വന്തം പ്രതിഭാവിലാസത്താൽ മദ്ദളത്തിന്റെ അനന്യശബ്ദസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിയും കേരളത്തിന്റെ വാദ്യകലാമണ്ഡലത്തിൽ കർമ്മനിരതനായി ഇന്നും പ്രവർത്തിക്കുന്ന ശ്രീ. ചേർപ്പുളശ്ശേരി ശിവന് തൃക്കൂരിന്റെ വാദ്യകലാരംഗത്തെ മദ്ദളകേസരി തൃക്കൂർ രാജന്റെ നാമധേയത്തിൽ ഏർപ്പെടുത്തിയ ഈ വാദ്യകലാ പുരസ്ക്കാരം, 2023 ഫെബ്രുവരി 2-ാം തിയ്യതി തൃക്കൂർ ക്ഷേത്രോത്സവ ആറാട്ട് ദിവസം വൈകുന്നേരം ക്ഷേത്രാങ്കണത്തിൽ വെച്ച് വാദ്യകലാസ്വാദകരുടെയും ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ പുരസ്ക്കാര സമർപ്പണം നടത്തുന്നതാണ്.



ശ്രീ. ചേർപ്പുളശ്ശേരി ശിവൻ




# 8–ാം ഉത്സവം ആറാട്ട്

**2023 ഫെബ്രുവരി 2 (1198 മകരം 19) വ്യാഴാഴ്ച – തിരുവാതിര**



| | | | |
|---|---|---|---|
| രാവിലെ | 4ന് | : | പള്ളിയുണർത്തൽ |
| | 4.30ന് | : | നടതുറക്കൽ, നിർമാല്യദർശനം |
| | 4.45ന് | : | അഭിഷേകം, മലർനിവേദ്യം |
| | 5.30ന് | : | മഹാഗണപതിഹോമം |
| | 6.30ന് | : | ഉഷനിവേദ്യം |
| | 6.45ന് | : | **പ്രഭാതപൂജ, ആറാട്ടുബലി** |
| വൈകുന്നേരം | 4.30ന് | : | **ആറാട്ടിനെഴുന്നള്ളിപ്പ്** |
| | | | പറനിറക്കൽ പ്രധാനം |
| | 6.00ന് | : | **പഞ്ചവാദ്യം** |
| | | | തിമില - ചോറ്റാനിക്കര സുഭാഷ് നാരായണമാരാർ |
| | | | മദ്ദളം - ചെർപ്പുളശ്ശേരി ശിവൻ |
| | | | താളം - പരയ്ക്കാട് ബാബു |
| | | | കൊമ്പ് - കുമ്മത്ത് രാമൻനായർ |
| | | | ഇടയ്ക്ക - തിരുവില്വാമല ജയൻ, പെരുവനം വിനു |
| | രാത്രി 8.30ന് | : | ആറാട്ട് തുടർന്ന് ക്ഷേത്രത്തിലേക്ക് തിരിച്ച് എഴുന്നള്ളിപ്പ് |
| | | | **പാണ്ടിമേളം** |
| | | | കൊടിയ്ക്കൽ പറനിറക്കൽ |
| | | | കൊടിയിറക്കം |

വൈകീട്ട് 8 മണി മുതൽ **ആറാട്ടുസദ്യ** ഉണ്ടായിരിക്കുന്നതാണ്.

ക്ഷേത്രോത്സവത്തോടനുബന്ധിച്ച് **ശ്രീപുറയംകാവ് ഭഗവതി ക്ഷേത്രത്തിൽ കൊടിയേറ്റം മുതൽ ആറാട്ട്** വരെ എല്ലാദിവസവും നിറമാല ചുറ്റുവിളക്ക് എന്നിവ ഉണ്ടായിരിക്കും.